# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6715** — 04-04-2018-ൽ മറുപടി നൽകേണ്ടത്

### ചാലക്കുടിയിലെ മേഖല സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ ചാലക്കുടിയിലെ മേഖല ശാസ്ത്ര കേന്ദ്രത്തിലെ ഗ്യാലറിക്കായി എക്സിബിറ്റുകൾ നിർമ്മിക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഓരോ എക്സിബിറ്റും നിർമ്മിക്കുന്നതിനായി എത്ര തുകയാണ് നിശ്ചയിച്ചതെന്നും ഇതുവരെ എത്ര എക്സിബിറ്റുകൾ നിർമ്മിച്ചുവെന്നും ഇനിയും എത്ര എണ്ണം പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദവിവരങ്ങൾ നൽകാമോ ? | 2017-18 ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഗ്യാലറിയിലെ എക്സിബിറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. അതിൽ നാളിതുവരെ 7,95,143/- തുക ചെലവഴിച്ചിട്ടുണ്ട്.<br>43 എക്സിബിറ്റുകളാണ് ആകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ എക്സിബിറ്റിന്റെ ശരാശരി ചെലവ് 1,16,000/- രൂപയാണ്. എക്സിബിറ്റുകൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. ഈ എക്സിബിറ്റുകൾ നിർമ്മിക്കുന്നത് Research & Development Project മുഖേനയാണ്. ഇവ മാർക്കറ്റിൽ നിന്നും തയ്യാറാക്കി ലഭിക്കപ്പെടുന്നവയല്ല. അസംസ്കൃത വസ്തുക്കൾ ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാങ്ങി അവ |

| | |
|---|---|
| | സൈറ്റിൽ വച്ച് കൂട്ടിയോജിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും പരിശോധനകൾ പൂർത്തിയാക്കി അവ ക്യാബിനുകളിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം ഇനി 43 എക്സിബിറ്റുകളും പൂർത്തീകരിക്കാനുണ്ട്. |

Rakesh

**സെക്ഷൻ ഓഫീസർ**